# STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING-KERALA
# (SIEMAT-KERALA)

M.G. Road, East Fort, Thiruvananthapuram-695036, Kerala
Phone No: 0471-2460343
Website : www.siemat.kerala.gov.in E-mail : director.siemat@kerala.gov.in


**"ഭരണഭാഷ മാതൃഭാഷ"**

**No.: SIEMAT/SLA-K/348/2025** **Date :29/07/2025**

**സ്വീകർത്താവ്,**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
ഡി.ജി.ഇ ഓഫീസ്
തിരുവനന്തപുരം

**സർ,**

**വിഷയം** : സീമാറ്റ്-കേരള - സ്കൂൾ ലീഡർഷിപ് അക്കാദമികളുടെ ദക്ഷിണ മേഖലാ സെമിനാർ - കേസ് സ്റ്റഡികൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം സംബന്ധിച്ച് :-

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്-കേരള (സീമാറ്റ്-കേരള) യുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ് അക്കാദമി-കേരളയുടെ (SLA-K) ആഭിമുഖ്യത്തിൽ 2025 നവംബർ ആദ്യവാരം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ (തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന & ലക്ഷദ്വീപ്) തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ മേധാവികളുടെ(എൽ.പി/യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി) ഒരു റീജിയണൽ സെമിനാർ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വേറിട്ട പ്രവർത്തനങ്ങളുടെയും കൈവരിച്ച മികവിന്റെയും അടിസ്ഥാനത്തിൽ സ്കൂൾ മേധാവികൾ തയ്യാറാക്കി സമർപ്പിക്കുന്ന സ്കൂൾ ലീഡർഷിപ്പ് സംബന്ധിയായ കേസ് സ്റ്റഡികൾ പരിശോധിച്ചായിരിക്കും റീജിയണൽ സെമിനാറിൽ പങ്കെടുപ്പിക്കേണ്ട സ്കൂൾ മേധാവികളെ (ഗവൺമെന്റ്/എയ്ഡഡ്) തെരഞ്ഞെടുക്കുക.

കേസ് സ്റ്റഡികൾ ക്ഷണിച്ചുകൊണ്ട് സീമാറ്റ്-കേരള പുറപ്പെടുവിച്ചിട്ടുള്ള വിശദമായ വിജ്ഞാപനം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത വിജ്ഞാപനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.ഡി.ഇ, ആർ.ഡി.ഡി, എ.ഡി, ഡി.ഇ.ഒ, എ.ഇ.ഒ) ഇ-മെയിൽ മുഖാന്തരം അയച്ചുകൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർ

സംശയനിവാരണത്തിന് സീമാറ്റ്-കേരളയുടെ SLA-K സെല്ലുമായി ബന്ധപ്പെടാവുന്നതാണ്. (ശ്രീ. നിതിൻ പി., ജൂനിയർ കൺസൾട്ടന്റ് - 9567354542)

**ഉള്ളടക്കം :** വിജ്ഞാപനത്തിന്റെ പകർപ്പ് (വിജ്ഞാപനത്തിന്റെ സോഫ്റ്റ് കോപ്പി ഇ-മെയിൽ ചെയ്തിട്ടുണ്ട്)

**പകർപ്പ് :** ഡി.ഡി.ഇ, ആർ.ഡി.ഡി, എ.ഡി, ഡി.ഇ.ഒ, എ.ഇ.ഒ

No.: SIEMAT/SLA-K/348/2025

**വിജ്ഞാപനം**

**വിഷയം** : സീമാറ്റ്-കേരള – സ്കൂൾ ലീഡർഷിപ് അക്കാദമികളുടെ ദക്ഷിണ മേഖലാ സെമിനാർ – കേസ് സ്റ്റഡികൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് :-

കേന്ദ്ര കൽപ്പിത സർവ്വകലാശാലയായ NIEPA (National Institute of Educational Planning & Administration)-യുടെ ധനസഹായത്തോടെ സീമാറ്റ്-കേരളയിൽ പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ് അക്കാദമി-കേരളയുടെ (SLA-K) ആഭിമുഖ്യത്തിൽ 2025 നവംബർ ആദ്യവാരം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ (തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന & ലക്ഷദ്വീപ്) തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ മേധാവികളുടെ(എൽ.പി/യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി) ഒരു റീജിയണൽ സെമിനാർ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സ്കൂൾ ലീഡർഷിപ് മേഖലയിലെ പുതിയ പരീക്ഷണങ്ങൾ, സാധ്യതകൾ, വീക്ഷണങ്ങൾ, അനുഭവങ്ങൾ തുടങ്ങിയവ പങ്കുവെക്കുന്നതിനായി ദക്ഷിണേന്ത്യൻ സ്കൂൾ മേധാവികൾക്ക് അവസരമൊരുക്കുന്ന വേദിയാണ് ഈ റീജിയണൽ സെമിനാർ.

കേരളത്തിൽ നിന്നും ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന സ്കൂൾ ലീഡർഷിപ്പ് സംബന്ധിയായ കേസ് സ്റ്റഡികൾ പരിശോധിച്ചായിരിക്കും റീജിയണൽ സെമിനാറിൽ പങ്കെടുപ്പിക്കേണ്ട സ്കൂൾ മേധാവികളെ (ഗവൺമെന്റ്/എയ്ഡഡ്) തെരഞ്ഞെടുക്കുക.

അനുബന്ധമായി കൊടുത്തിട്ടുള്ള പത്ത് മേഖലകളൊന്നിൽ നിശ്ചിത ടെംപ്ലേറ്റിൽ ഇംഗ്ലീഷിൽ തയ്യാറാക്കിയ കേസ് സ്റ്റഡികൾ **2025 ആഗസ്റ്റ് 31-ന് മുൻപായി** സീമാറ്റ്-കേരളയ്ക്ക് താഴെപ്പറയുന്ന ഇമെയിൽ വിലാസത്തിൽ word ഫോർമാറ്റായി സമർപ്പിക്കേണ്ടതാണ്.

**slak.siematkerala@gmail.com**

സീമാറ്റ്-കേരള ലെവലിൽ തെരഞ്ഞെടുക്കുന്ന മികച്ച കേസ് സ്റ്റഡികൾ സെമിനാറിൽ അവതരിപ്പിക്കാൻ അവസരം നൽകുകയും, ഡിജിറ്റൽ ബുക്‌ലെറ്റ് രൂപത്തിൽ പ്രസിദ്ധീകരിച്ച് NCERT, NCSL തുടങ്ങിയ വിവിധ ദേശീയ വിദ്യാഭ്യാസ ഏജൻസികളുടെ പോർട്ടലുകളിൽ അപ്‌ലോഡ് ചെയ്യുന്നതിന് അയച്ചുകൊടുക്കുന്നതുമാണ്. കൂടാതെ പ്രസ്തുത വിദ്യാലയങ്ങളെ സ്കൂൾ ലീഡർഷിപ് അക്കാദമി-കേരളയുടെ വിവിധ ഉദ്യമങ്ങളിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുന്നതായിരിക്കും.

(കേസ് സ്റ്റഡികൾ തയ്യാറാക്കുന്നതിനുള്ള ടെംപ്ലേറ്റും മേഖലകളും അനുബന്ധമായി ഉൾപ്പെടുത്തുന്നു.)

**Contact Person** : Shri. Nithin P, Junior Consultant - 9567354542

**ഡയറക്ടർ**
സീമാറ്റ്-കേരള

തിരുവനന്തപുരം
29 /07/2025

**അനുബന്ധം** :
1. Themes for Case Study
2. Template for Case Study

*Annexure 1*

## *Themes for Case Study Writing*

I. School Leadership: Multiple Roles and Responsibilities

II. Technology in teaching-learning process

III. School Leadership and Student Learning

IV. Pedagogical Leadership for Improving Student Learning

V. Building a culture of Innovation in a school

VI. Empowering Communities and strengthening school-community relations

VII. Leading School administration

VIII. Leadership for Gender Inclusivity in Schools

IX. Leadership for Equity, Diversity and Inclusion

X. Innovative initiatives in ensuring educational resilience during post disaster/ pandemic period.

*Annexure 2*

## Template for Case Study Writing

**Language :** English

**Content :** It should consist of a description of School's context describing its socio-economic, cultural, educational and geographical dynamics as also highlighting the issues, challenges and problems that underwent transformation. The following information could be provided:

1. A brief profile of the School which includes total student and teacher strength, classrooms, administrative staff, infrastructure
2. The present scenario; key strengths and weaknesses of the school (Strength Weakness Opportunity Threat Analysis).
3. The description of community - cultural pressures; values, attitudes, needs and expectations; skills, chief occupation.
4. The problem situation – what and why; the challenges and issues;
5. The change initiated, the Plan of Action, Strategy, Outcome,
6. Time taken to bring the change, the processes involved, the failures, the successes, most importantly; the learning
7. The role of school leadership, behavior modeling and example setting by the head of school and other factors relevant to the transformation, other key influential personalities/groups – their feelings/views (expressed in verbatim as quotes)
8. The theory of change – which means the turning points for the school head/leader, the reflections on what worked and why or the **'mantra'** for change

**Formatting Style** : It should be sent in soft copy in A4 size pages typed in 1.5 space using size 12 of Times New Roman font and keeping one and half inches margin on each side of the page.

**Presentation** : The write-up could be **substantiated with pictures** of the events, the pre and post situation of the school, the phenomena of change and videos (youtube link /google drive link) if any of the school.

**Note** : **Each case study should be accompanied by the following information:**

**(a) Title of the case study**
**(b) Theme of the case study**
**(c) Name of the case study writer, Name of the school & address with telephone and email**
**(d) The signature of the case study writer & office seal**